## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 73** — **01/12/2014 ൽ മറുപടിയ്ക്ക്**

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.യു.കുരുവിള | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ചികിത്സാ സഹായം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലവും അതനുസരിച്ചുള്ള ഫണ്ടിന്റെ കുറവുമൂലവും ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഡി.ആർ.എഫ്. സെക്ഷനിൽ കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) അപേക്ഷകരുടെ ബാഹുല്യം കാരണമുണ്ടാകുന്ന കാലതാമസം പരമാവധി കുറയ്ക്കുന്നതിനായി റവന്യൂ (ഡി.ആർ.എഫ്.) വകുപ്പിൽ താത്ക്കാലിക സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) മരുന്നുകളുടെയും മറ്റും വില വർദ്ധനവ് കാരണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) പരമാവധി സഹായം നൽകാൻ ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.